# കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

## ബഡ്ജറ്റ് 2023 – 24

2020 ഡിസംബർ മാസം അധികാരത്തിൽ വന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ മൂന്നാമത് ബഡ്ജറ്റ് വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

കാര്യക്ഷമവും അച്ചടക്കത്തോടെയും ദീർഘ വീക്ഷണത്തോടെയുമുള്ള ധനവിനിയോഗമാണ് സമൂഹത്തെയും രാജ്യത്തെയും പുരോഗതിയിലേക്ക് നയിക്കുന്നത്. സമസ്ത ജന വിഭാഗത്തിനും സന്തുലിതമായ വികസനം പ്രാപ്യ മാക്കുക എന്നതായിരിക്കണം ഏതൊരു ഭരണ സമിതിയുടെയും വികസന കാഴ്ചപ്പാട്. താത്ക്കാലിക ലാഭങ്ങളും, സങ്കുചിത വീക്ഷണങ്ങൾക്കുമപ്പുറം ദീർഘകാലത്തേക്ക് നിലനിൽക്കുകയും, സമസ്ത ജന വിഭാഗത്തിനും ഗുണപ്രദ മാവുകയും ചെയ്യുന്ന പദ്ധതികൾ ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാന ത്തിൽ സമയബന്ധിതമായി നടപ്പിലാക്കുക എന്നതാണ് ഭരണ സമിതിയുടെ പ്രഖ്യാപിത ലക്ഷ്യം. എല്ലാത്തരം വിഭാഗീയതകൾക്കുമപ്പുറം പരിസ്ഥിതി സൗഹൃദ സാമൂഹ്യ നീതിയിലധിഷ്ഠിതമായ സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലം സൃഷ്ടിക്കലാണ് വികസനം.

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തെ രണ്ടാമത്തെ ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്. ജനകീയാസൂത്രണ പദ്ധതിയുടെ 25 വർഷക്കാലത്തെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി അടുത്ത അഞ്ചു വർഷക്കാലത്തേക്ക് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന വികസന ലക്ഷ്യങ്ങൾ കൂടി നയസമീപനത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് തനതു വരുമാനങ്ങളുടെ ലഭ്യതക്കുറവു മൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭിക്കുന്ന ഗ്രാന്റുകളും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ

ബഡ്ജറ്റിൽ വകയിരുത്തി അനുവദിക്കുന്ന പദ്ധതി വിഹിതവും, ധനകാര്യ കമ്മീഷൻ ഗ്രാന്റുമാണ് പ്രധാന വിഭവ സ്രോതസ്സുകൾ. വിഭവ സ്രോതസ്സുകളുടെ പരിമിതി മൂലം പദ്ധതി സംയോജനത്തിലൂടെയുള്ള വിഭവ സമാഹരണമാണ് പ്രതീക്ഷിക്കുന്നത്.

2023-24 സാമ്പത്തിക വർഷത്തിൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന് 60,63,62,719/- (അറുപത് കോടി അറുപത്തി മൂന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി എഴുനൂറ്റി പത്തൊൻപത്) രൂപ വരവും 59,88,20,500/- (അൻപത്തിയൊമ്പത് കോടി എൺപത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്) രൂപ ചെലവും 75,46,719/- (എഴുപത്തഞ്ച് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി എഴുനൂറ്റി പത്തൊൻപത്) രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

## ഭവന പദ്ധതികൾ

ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത " ലൈഫ് " പദ്ധതി അതിന്റെ ഉദ്ദേശ ലക്ഷ്യത്തിലേക്ക് എത്തിച്ചേർന്നു കൊണ്ടിരിക്കുകയാണ്.

സംസ്ഥാന സർക്കാരിന്റെ ലൈഫ്, കേന്ദ്ര സർക്കാരിന്റെ പി.എം.എ.വൈ (ഗ്രാമീൺ) എന്നീ പദ്ധതികളോടു ചേർന്ന് ഭവനരഹിതരില്ലാത്ത ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ലഭ്യമായ ഫണ്ടിന്റെ 20 ശതമാനം തുകയായ 84.10 ലക്ഷം രൂപ ഭവന നിർമ്മാണ പദ്ധതികൾക്കായി മാറ്റി വയ്ക്കുന്നു.

## ആരോഗ്യമേഖല

ബ്ലോക്ക് പഞ്ചായത്തിന് 2 സി.എച്ച്.സി കളാണ് നിലവിലുള്ളത്. വണ്ടൻമേട്, ഉപ്പുതറ സി.എച്ച്.സി കളെ മികച്ച ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്നു. മതിയായ

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വണ്ടൻമേട് സി.എച്ച്.സി യ്ക്ക് NQAS അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

വണ്ടൻമേട്, ഉപ്പുതറ സി.എച്ച്.സി കളിൽ മുഴുവൻ സമയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഈവനിംഗ് ഒ.പി യിൽ ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തുന്നു.

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം 50 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു. ഈ തുക വണ്ടൻമേട് സി.എച്ച്.സി യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പൂർണ്ണമായും വകയിരുത്തുന്നു.

മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സി.എച്ച്.സി കളിൽ മരുന്ന് ലഭ്യമാക്കുന്നതിനായി 14 ലക്ഷം രൂപ വകയിരുത്തുന്നു.

തോട്ടം തൊഴിലാളികൾ ഉൾപ്പെടുന്ന ഗ്രാമീണ ജനവിഭാഗം ആരോഗ്യ പരിപാലനത്തിന് കൂടുതൽ ആശ്രയിക്കുന്ന ഉപ്പുതറ സി.എച്ച്.സി യിൽ എത്തുന്ന രോഗികളിൽ X-ray പരിശോധന ആവശ്യമുള്ള രോഗികൾക്ക് X-ray പരിശോധന സൗകര്യം ഉപ്പുതറ സി.എച്ച്.സി യിൽ ലഭ്യമല്ലാത്തതിനാൽ കട്ടപ്പന, കാഞ്ഞിരപ്പള്ളി പ്രദേശങ്ങളിലെ സ്വകാര്യ പരിശോധനാ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഈ ദുരവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഉപ്പുതറ സി.എച്ച്.സി യിൽ X-ray മെഷീൻ വാങ്ങുന്നതിനും, ഇത് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ക്കുമായി 46.62 ലക്ഷം രൂപ വകയിരുത്തുന്നു.

കിടപ്പു രോഗികൾക്ക് ആവശ്യമായ സേവനങ്ങൾ ഭവനങ്ങളിൽ എത്തിക്കുന്നതിന് പാലിയേറ്റീവ് കെയർ സൗകര്യങ്ങൾക്കായി 14 ലക്ഷം രൂപ വകയിരുത്തുന്നു.

## ക്ഷീര സമൃദ്ധി

കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ പൊതുജനങ്ങളുടെ പ്രധാനപ്പെട്ട ഒരു ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. ക്ഷീര കർഷകരുടെ കഠിനാധ്വാന ത്തിനും കഷ്ടപ്പാടുകൾക്കും ആനുപാതികമായ വരുമാനം ക്ഷീരമേഖലയിൽ നിന്നും ലഭിക്കുന്നില്ല. ക്ഷീര കർഷകർക്ക് കൈത്താങ്ങാകുക എന്ന ലക്ഷ്യത്തോടെ മുൻ വർഷങ്ങളിലേതു പോലെ ക്ഷീരകർഷകർക്ക് പാലിന് സബ്സീഡി നൽകുന്ന തിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## വനിതകളുടെ ഉന്നമനം

വനിതകൾക്ക് തൊഴിലും നൈപുണ്യ വികസനവും ലക്ഷ്യമിട്ട് വനിത ഗ്രൂപ്പുകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ വനിതാ ഗ്രൂപ്പുകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പാ ബന്ധിത സബ്സീഡി നൽകുന്നതിന് 27.25 ലക്ഷം രൂപ വകയിരുത്തുന്നു.

## ഷീ – ഫിറ്റ്

വനിതകളുടെ ആരോഗ്യ പരിപാലനത്തിനും മാനസീകോല്ലാസത്തിനുമായി പൈലറ്റ് പ്രോജക്ടായി ആദ്യ ഘട്ടത്തിൽ രണ്ടു ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ വനിത ജിംനേഷ്യം ആരംഭിക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു. തുടർ വർഷങ്ങളിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

## വിദ്യാഭ്യാസം, കല, കായികം, സംസ്കാരം

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി 24 ലക്ഷം രൂപ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിദ്യാർത്ഥികളുടെയും യുവതീയുവാക്കളുടെയും കലാ നൈപുണ്യ വികസനം ലക്ഷ്യമാക്കി വജ്രജൂബിലി ഫെലോഷിപ്പ് ലഭിച്ച കാലാകാരൻമാരുടെ നേതൃത്വത്തിൽ സൗജന്യ കലാപരിശീലനത്തിനുള്ള പദ്ധതി ഈ വർഷവും തുടരുന്നതാണ്.

## ഘടകസ്ഥാപനങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിൽ സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എന്നിവയ്ക്ക് ആധുനിക രീതിയിലുള്ള ഓഫീസ് സംവിധാനം സജ്ജീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് എന്നിവ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. കട്ടപ്പന ശിശുവികസന പദ്ധതി ഓഫീസ് നവീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതും നടപ്പു സാമ്പത്തിക വർഷം നവീകരിച്ച ഓഫീസിൽ പ്രവർത്തനം ആരംഭിക്കുന്നതുമാണ്. ഇതോടുകൂടി സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ ഘടകസ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനോടു ചേർന്ന് പ്രവർത്തിക്കുകയും പൊതുജനങ്ങൾക്ക് ഒരു കോമ്പൗണ്ടിൽ നിന്ന് തന്നെ വിവിധ ഓഫീസുകളുടെ സേവനം ലഭിക്കുന്നതുമാണ്.

## പശ്ചാത്തല വികസനം

ഭവന പദ്ധതികൾക്കും മറ്റ് ക്ഷേമ പദ്ധതികൾക്കും കൂടുതൽ തുക വകയിരുത്തേണ്ടി വരുന്നതിനാൽ പശ്ചാത്തല മേഖലയിൽ ചെലവഴിക്കുന്നതിന് വളരെ നാമമാത്ര തുക മാത്രമാണ് ലഭിക്കുന്നത്. എങ്കിലും ലഭ്യമായ തുകയിൽ നിന്നും പരമാവധി തുക ഗ്രാമീണ മേഖലയിലെ റോഡുകളുടെ വികസനത്തിന് വകയിരുത്തുന്നു. ഇതിനായി 109.94 ലക്ഷം രൂപ വകയിരുത്തുന്നു.

## ജി – ഫിറ്റ് (ജെറിയാട്രിക് ഫിറ്റ്നസ് സെന്റർ)

വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനും മാനസീകോല്ലാസത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. ജീവിത ശൈലീ രോഗങ്ങളിൽ നിന്ന് മോചനം നേടുന്നതിനും ആരോഗ്യ പരിപാലനത്തിനും നൂതന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ഈ സാമ്പത്തിക വർഷം വയോജനങ്ങൾക്കു വേണ്ടി ജിംനേഷ്യങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു. തുടർ വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

## വർണ്ണക്കൂടാരം

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗൻവാടികളുടെ ഗുണമേൻമ വർദ്ധിപ്പിക്കുക, കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യങ്ങളോടുകൂടി നടപ്പ് സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികൾ ആധുനിക വത്കരിക്കുന്നതിന് 18.59 ലക്ഷം രൂപ വകയിരുത്തുന്നു. തുടർ വർഷങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| **ബജറ്റ് - 2023-24** | | | |
| **വരവുകൾ** | | | |
| വരവിനം | 2021-22വർഷത്തെ യഥാർത്ഥ വരവുകള് | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2022-23 | 2023-24 വർഷത്തെ ബജറ്റ് |
| **തനത് റവന്യൂ** | | | |
| റവന്യൂ നികുതികൾ | ഇല്ല | ഇല്ല | ഇല്ല |
| ആകെ റവന്യൂ നികുതികൾ | | ഇല്ല | ഇല്ല |
| **നികുതിയിതര റവന്യൂ** | | | |
| ജനറൽ പർപ്പസ് ഫണ്ട് (തൻവർഷം ലഭിച്ചത്) | 5636400 | 6312000 | 7069000 |
| ജനറൽ പർപ്പസ് ഫണ്ട് (മുൻ ബാക്കി) | 3547633 | 5905480 | 7375719 |
| ജനറൽ പർപ്പസ് ഫണ്ട് | 9184033 | 12217480 | 14444719 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക/സെക്യൂരിറ്റി | 307920 | 350000 | 350000 |
| ടെണ്ടർ ഫാറങ്ങൾ വിൽപ്പന | 3116 | 1000000 | 500000 |
| മറ്റ് ലേല/വിറ്റ് വരവുകൾ/അഡ്വാൻസ് തിരികെ(MGNREGA)/മറ്റു വരവുകൾ | 2144277 | 500000 | 600000 |
| സെക്യൂരിറ്റി -ഇ. എം. ഡി | 889915 | 300000 | 300000 |
| ഗുണഭോക്തൃ വിഹിതം | 667502 | 100000 | 250000 |
| ബാങ്ക് അക്കൌണ്ടുകളിൽ നിന്നുള്ള പലിശ വരവ് | 27584 | 500000 | 500000 |
| കോൺക്രീറ്റ് ക്യൂബ് ടെസ്റ്റ് ഫീ | 279500 | 300000 | 400000 |
| ആകെ നികുതിയിതര റവന്യൂ | 4319814 | 3050000 | 2900000 |
| ആകെ | 13503847 | 15267480 | 17344719 |
| **വികസന ഫണ്ട്** | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 8712427 | 14320679 | 6443000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 4101000 | 4247200 | 4295000 |
| ഡവലപ്മെന്റ് ഫണ്ട് ജനറൽ | 22022000 | 26344000 | 25938000 |
| ഡവലപ്മെന്റ് ഫണ്ട് എസ്.സി.പി | 11611000 | 12753000 | 12753000 |
| ഡവലപ്മെന്റ് ഫണ്ട് റ്റി.എസ്.പി | 3054000 | 3360000 | 3360000 |
| ആകെ | 49500427 | 61024879 | 52789000 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ** | | | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 12036591 | 11235000 | 9562000 |
| ശുചിത്വമിഷൻ | 18250 | 3000000 | 5000000 |
| കേന്ദ്ര - സംസ്ഥാന പരിശീലന പരിപാടികൾ | 0 | 100000 | 150000 |
| കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽനിന്നുള്ള വരവ് ) | 0 | 100000 | 150000 |
| സാക്ഷരതമിഷൻ | 0 | 0 | 100,000 |
| ഹോർട്ടികൾച്ചർ മിഷൻ | 0 | 0 | 10000000 |
| ആകെ | 12054841 | 14435000 | 24962000 |
| **കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ** | | | |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 207790000 | 286340000 | 444161000 |
| പി.എം.എ.വൈ (കേന്ദ്രവിഹിതം) | 5784000 | 13920000 | 15000000 |
| രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 0 | 3000000 | 15000000 |
| പി. എം. കെ. എസ് വൈ | 34571850 | 3000000 | 0 |
| നബാർഡ് - ആർ. ഐ. ഡി. എഫ് | 4261000 | 7500000 | 10000000 |
| ഹെൽത്ത് ഗ്രാന്റ് | 0 | 0 | 5000000 |
| ആകെ | 252406850 | 313760000 | 489161000 |
| **മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ** | | | |
| പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 518000 | 10409000 | 13356000 |
| പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | 210000 | 8500000 | 8750000 |
| *ആകെ (മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ)* | 728000 | 18909000 | 22106000 |
| ആകെ വരവുകൾ | 328193965 | 423396359 | 606362719 |

| ചെലവിനം | 2020-21 വർഷത്തെ യഥാർത്ഥ ചെലവുകൾ | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2021-22) | 2022-23 വർഷത്തെ ബജറ്റ് |
|---|---|---|---|
| **തനത് റവന്യൂവിൽ നിന്നുള്ള നിർബന്ധിത ചെലവുകൾ** | | | |
| **എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | | | |
| ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം | 3303996 | 1000000 | 1000000 |
| സ്ഥിരം ജീവനക്കാരുടെ യാത്രാപ്പടി | 19110 | 25000 | 30,000 |
| ദിവസ വേതനക്കാർക്കുള്ള യാത്രാപടി | 14700 | 30000 | 35,000 |
| ദിവസ വേതനക്കാർക്കുള്ള ഉത്സവ ബത്ത | 0 | 15,000 | 20,000 |
| സെക്രട്ടറിയുടെ ടെലിഫോൺ അലവൻസ് | 1059 | 6,000 | 25,000 |
| പ്രസിഡന്റിന്റെ ഹോണറെറിയം | 183600 | 200000 | 225000 |
| പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 1057 | 4,000 | 25,000 |
| വൈസ് പ്രസിഡന്റിന്റെ ഹോണറേറിയം | 131000 | 180000 | 200000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഹോണറേറിയം | 323400 | 400000 | 450000 |
| മെമ്പർമാരുടെ ഹോണറേറിയം | 756800 | 875000 | 900000 |
| വൈസ് പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 0 | 2500 | 3000 |
| പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ് | 8000 | 17500 | 20000 |
| വൈസ് പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ് | 8750 | 17500 | 20000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സിറ്റിംഗ് അലവൻസ് | 26500 | 50000 | 70000 |
| മെമ്പർമാരുടെ സിറ്റിംഗ് അലവൻസ് | 51800 | 100000 | 125000 |
| പ്രസിഡന്റിന്റെ യാത്രപ്പടി | 0 | 50000 | 75000 |
| വൈസ് പ്രസിഡന്റിന്റെ യാത്രപ്പടി | 0 | 50000 | 65000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ യാത്രപ്പടി | 0 | 100000 | 100000 |
| മെമ്പർമാരുടെ യാത്രപ്പടി | 0 | 300000 | 350000 |
| **ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | **4829772** | **3422500** | **3738000** |
| **ഭരണപരമായ ചെലവുകൾ** | | | |
| കെട്ടിടനികുതി | 0 | 0 | 0 |
| ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് | 90101 | 150,000 | 150,000 |
| ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ചിലവുകൾ | 6091 | 25000 | 25000 |
| ഘടക സ്ഥാപനങ്ങളുടെ വാട്ടർ ചാർജ് | 0 | 0 | 0 |
| ഓഫീസിന്റെ ടെലിഫോൺ ചാർജ്ജ് | 31736 | 100000 | 100000 |
| കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ടെലിഫോൺ ചാർജ്ജ് | 0 | 20000 | 20000 |

| | | | |
|---|---|---|---|
| പ്രസിദ്ധീകരണങ്ങൾ , ദിനപത്രങ്ങൾ , പുസ്തകങ്ങൾ | 11282 | 25000 | 75000 |
| പ്രിന്റിങ് ചിലവുകൾ | 10700 | 50000 | 100000 |
| സ്റ്റേഷനറി ചിലവുകൾ | 474398 | 50000 | 100000 |
| കേരളോത്സവം | 0 | 150000 | 200000 |
| ഓഫീസ് വാഹനങ്ങളുടെ ഇൻഷുറൻസ് തുക | 23303 | 50000 | 50000 |
| ഓഡിറ്റ് ഫീസ് | 0 | 0 | 0 |
| പത്ര പരസ്യം | 0 | 55000 | 75000 |
| മറ്റ് ഭരണപരമായ ചെലവുകൾ | 850125 | 1000000 | 3000000 |
| ഐ.എസ്.ഒ സർട്ടിഫിക്കേഷൻ /സ്ഥാപനങ്ങൾക്ക് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 0 | 100000 | 50000 |
| പ്രസിഡൻടിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ് | 152288 | 400000 | 450000 |
| ഓഫീസ് വാഹനത്തിന്റെ ഇന്ധന ചെലവ് | 106796 | 200000 | 250000 |
| ഓഫീസ് ആവശ്യത്തിന് / ഘടക സ്ഥാപനങ്ങൾ വാഹനം വാടകയ്ക്ക് എടുത്തതിന്റെ ചിലവ് | 352660 | 75000 | 600000 |
| വാഹനങ്ങളുടെ റിപ്പയർ, മെയിന്റനൻസ് ചെലവുകൾ | 68545 | 300000 | 400000 |
| ഓഫീസ് ഉപകരണങ്ങളുടെ റിപ്പയർ ചിലവ് | 92124 | 200000 | 250000 |
| ബാങ്ക് ചാർജ്ജ് | | 25000 | 25000 |
| ആകെ ഭരണപരമായ ചെലവുകൾ | 2270149 | 2975000 | 5920000 |
| ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകൾ | | | |
| പദ്ധതി ചെലവുകൾ | 543078 | 1393024 | 3000000 |
| ഗുണഭോക്തൃവിഹിതം | 0 | 50000 | 250000 |
| സെക്യൂരിറ്റി/ഇ. എം. ഡി | 0 | 50000 | 250000 |
| ആകെ | 543078 | 1493024 | 3500000 |
| ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ആകെ ചെലവുകൾ | 7642999 | 7890524 | 13158000 |
| വികസന ഫണ്ട് | | | |
| വികസന ഫണ്ട് (ജനറൽ) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 5290000 | 8539511 | 6300000 |
| സേവന മേഖല പദ്ധതികൾ | 13503091 | 15594349 | 13153500 |
| പശ്ചാത്തല മേഖല പദ്ധതികൾ | 2810181 | 2210140 | 6484500 |
| | 21603272 | 26344000 | 25938000 |
| വികസന ഫണ്ട് (പട്ടികജാതി വിഭാഗം) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 0 | 0 | 0 |
| സേവന മേഖല പദ്ധതികൾ | 8150193 | 9270000 | 8927100 |
| പശ്ചാത്തല മേഖല പദ്ധതികൾ | 2780785 | 3483000 | 3825900 |
| | 10930978 | 12753000 | 12753000 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 0 | 0 | 0 |
| സേവന മേഖല പദ്ധതികൾ | 1872159 | 2443800 | 2352000 |
| പശ്ചാത്തല മേഖല പദ്ധതികൾ | 1181841 | 916200 | 1008000 |
| ആകെ | 3054000 | 3360000 | 3360000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 2958765 | 14320679 | 6443000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്( Un Tied) | 4101000 | 4248437 | 4295000 |
| ആകെ | 7059765 | 18569116 | 10738000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ | | | |
| മെയിന്റനൻസ് - റോഡിതര ആസ്തികൾ | 7517879 | 11235000 | 9562000 |
| ശുചിത്വമിഷൻ | 460341 | 3000000 | 5000000 |
| കേന്ദ്ര - സംസ്ഥാന പരിശീലന പരിപാടികൾ | 0 | 100000 | 150000 |
| കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽ നിന്നുള്ള വിഹിതം ) | 0 | 100000 | 150000 |
| സാക്ഷരതമിഷൻ | 0 | 0 | 100,000 |
| ഹോർട്ടികൾച്ചർ മിഷൻ(ഇടുക്കി പാക്കേജ്) | 0 | 0 | 10000000 |
| ആകെ | 7978220 | 14435000 | 24962000 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 207790000 | 286340000 | 444161000 |
| പി.എം.എ.വൈ (കേന്ദ്രവിഹിതം) | 5784000 | 13920000 | 15000000 |
| രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 0 | 3000000 | 15000000 |
| നബാർഡ് - ആർ. ഐ. ഡി. എഫ് | 4261000 | 7500000 | 10000000 |
| പി. എം. കെ. എസ്. വൈ | 34571850 | 3000000 | 0 |
| ഹെൽത്ത് ഗ്രാന്റ് | | | 5000000 |
| ആകെ | 252406850 | 313760000 | 489161000 |
| മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | | | |
| പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 518000 | 10409000 | 13356000 |
| പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | 210000 | 8500000 | 8750000 |
| ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | 728000 | 18909000 | 22106000 |
| ആകെ ചെലവുകൾ | 311404084 | 416020640 | 598816000 |
| നീക്കിയിരിപ്പ് | 16789881 | 7375719 | 7546719 |

സ്നേഹിതരേ,

ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ പരിമിതമായ വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് സമസ്ത മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നീതിപൂർവ്വകമായ ബഡ്ജറ്റ് തയ്യാറാക്കുക എന്നുള്ളതാണ് പരമ പ്രധാനം. പദ്ധതികളുടെ സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സമയ ബന്ധിത പൂർത്തീകരണം ലക്ഷ്യമാക്കിയുമാണ് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം ചെലവഴിക്കുന്ന ഓരോ രൂപയും അർഹരായ കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാകണം എന്നുള്ള ഉൾക്കാഴ്ചയിൽ നിന്നുമാണ് ബഡ്ജറ്റ് ഉരുത്തിരിഞ്ഞിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ മേഖലയിലും സന്തുലിതമായ വികസനം സാധ്യമാകും എന്നുള്ള ഉത്തമ ബോധ്യത്തോടുകൂടി 2023-24 സാമ്പത്തിക വർഷത്തെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റ് ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

(ഒപ്പ്)
അന്നമ്മ ജോൺസൺ
വൈസ് പ്രസിഡന്റ് & ചെയർമാൻ
ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

കട്ടപ്പന
28.02.2023